സംസ്ഥാന റെയിൽവേയിൽ അവഗണന

17(*47) ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് അവഗണന തുടരുന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സിഗ്നൽ നവീകരണം അടക്കം അവശ്യം വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനത്തോട് റെയിൽവേ തുടരുന്ന അവഗണനയിൽ റെയിൽ ഗതാഗതം ദുർഘടമാകുന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(സി) മണിക്കൂറുകളോളം ട്രെയിൻ പിടിച്ചിട്ടതിനാൽ മുഖ്യമന്ത്രിക്ക് പോലും തീവണ്ടിയിൽ നിന്നിറങ്ങി പോകേണ്ടി വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരത്തിലുണ്ടാകുന്ന ദുരനുഭവങ്ങൾക്ക് അറുതി വരുത്താൻ കൂട്ടായ എന്ത് ശ്രമങ്ങൾ തുടരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരിക്കുന്നതും അതുകാരണം റെയിൽ ഗതാഗതം ദുർഘടമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

(സി&ഡി) ഇത്തരത്തിൽ ഒരനുഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രധാന സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾ ഒഴിവില്ലാത്ത സാഹചര്യങ്ങളിൽ സമീപത്തുള്ള ചെറിയ സ്റ്റേഷനുകളിലും സിഗ്നൽ പോസ്റ്റുകൾക്കു സമീപമായും പ്ലാറ്റ്ഫോം ലഭ്യമാകുന്നതുവരെ ട്രെയിനുകൾ പിടിച്ചിടാറുണ്ട്. പ്രധാന സ്റ്റേഷനുകളുടെ സമഗ്രമായ വികസനം നടപ്പാക്കി പ്ലാറ്റ്ഫോമുകളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ ഈ വിഷയത്തിനു പരിഹാരമാവുകയുള്ളൂ. ഈ വിഷയങ്ങളെല്ലാം നിരവധി തവണ സംസ്ഥാന സർക്കാർ റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിവിധ മെമ്മോറാണ്ടങ്ങളിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. ഇനിയും ഇത്തരം ശ്രമങ്ങൾ തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly